എം.എസ്.എ റസാഖ്
msarazak@hotmail.com

# വിശ്വാസ വഞ്ചനയുടെ പരിണതി

عَنْ ابْنِ مَسْعُودٍ رَضِيَ اللَّهُ عَنْهُ قَالَ: قَالَ رَسُولُ اللَّهِ : لِكُلِّ غَادِرٍ لِوَاءٌ يَوْمَ الْقِيَامَةِ، يُقَالُ هَذِهِ غَدْرَةُ فُلَانٍ (متفق عليه)

**ഇബ്നു മസ്ഊദി(റ)ൽനിന്ന് നിവേദനം: നബി (സ) അരുൾ ചെയ്തു: ''ഓരോ വഞ്ചകന്നും അന്ത്യനാളിൽ ഒരു കൊടി ഉണ്ടായിരിക്കും. ഇത് ഇന്ന വ്യക്തിയെ വഞ്ചിച്ചതാണെന്ന് പറയപ്പെടുന്നതാണ്'' (ബുഖാരി, മുസ്‌ലിം).**

വിശ്വാസ വഞ്ചന മഹാപാതകമാണ്. അതിന് പരലോകത്ത് ലഭിക്കാനിരിക്കുന്ന ശിക്ഷയുടെ ചിത്രമാണ് ഹദീസിൽ വിവരിക്കുന്നത്. പാപങ്ങളുടെ തോതനുസരിച്ച് ലഭിക്കുന്ന ശിക്ഷയിലും വ്യത്യാസമുണ്ടായിരിക്കും. യാചന തൊഴിലാക്കിയവൻ മുഖത്ത് മാംസമില്ലാതെ പരലോകത്ത് പ്രത്യക്ഷപ്പെടും. സകാത്ത് കൊടുക്കാതെ പണം കെട്ടിപ്പൂട്ടി വെക്കുന്നവർ കഴുത്തിൽ സർപ്പങ്ങളുമായാണ് പ്രത്യക്ഷപ്പെടുക. അതുപോലെ വിശ്വാസ വഞ്ചന നടത്തിയവൻ അതിന്റെ അടയാളമായി കൊടിയും വഹിച്ചായിരിക്കും അന്ത്യനാളിൽ എത്തുക. വ്യക്തിയെ തിരിച്ചറിയാനുള്ള ഒരു മാധ്യമമാണല്ലോ കൊടിയടയാളം. വഞ്ചകൻ കൊടി അടയാളത്തിലൂടെയാണ് തിരിച്ചറിയപ്പെടുക. വഞ്ചനയുടെ തോതനുസരിച്ച് കൊടിയുടെ വലുപ്പം കൂടുമെന്നും പ്രവാചകൻ (സ) വിശദീകരിച്ചിട്ടുണ്ട്.

വാഗ്ദാനം പാലിക്കാതിരിക്കുക, വിശ്വസിച്ചവരെ ചതിക്കുക, മറ്റുള്ളവരുടെ അവകാശം അപഹരിച്ചെടുക്കുക-ഇതെല്ലാം വഞ്ചനയുടെ പരിധിയിൽ വരുന്നു. കച്ചവടത്തിൽ ഉപഭോക്താക്കളെയും കൂട്ടുകച്ചവട സംരംഭങ്ങളിൽ പങ്കാളികളെയും തൊഴിലുടമ തൊഴിലാളികളെയും വഞ്ചിക്കുക, ഉദ്യോഗസ്ഥർ കൃത്യതയോടെയും സമയബന്ധിതമായും ജോലി ചെയ്യാതെ വഞ്ചന നടത്തുക, മക്കളും മാതാപിതാക്കളും തമ്മിലും ഭാര്യാഭർത്താക്കന്മാർ തമ്മിലും വിശ്വാസ വഞ്ചനയുണ്ടാവുക, സംഘടനകളിൽ അണിചേർന്നവരെ നേതൃസ്ഥാനത്തുള്ളവർ വഞ്ചിക്കുക, അണികൾ നേതൃത്വത്തോട് വഞ്ചന കാണിക്കുക തുടങ്ങി വഞ്ചനയുടെ മേഖല വിസ്തൃതമാണ്.

സാമൂഹിക രംഗത്തും ഇടപാടുകളിലും വിശ്വസ്തത പുലർത്താനും കരാർ പാലിക്കാനും വിശ്വാസികൾ കൽപിക്കപ്പെട്ടിരിക്കുന്നു. വിശ്വസ്തതയും കരാർ പാലനവും ഈമാനിന്റെ ഭാഗമാണ്. നബി (സ) പറഞ്ഞു: ''വിശ്വസ്തത ഇല്ലാത്തവന് ഈമാനേയില്ല. കരാർ പാലിക്കാത്തവന് ദീനുമില്ല.'' (ബൈഹഖി). ''ഈമാനും വിശ്വാസവഞ്ചനയും ഒത്തുപോവുകയില്ല.'' "ഒരു മുസ്‌ലിം മറ്റൊരു മുസ്‌ലിമിന്റെ സഹോദരനാകുന്നു. ആ സഹോദരനെ അയാൾ വഞ്ചിക്കുകയില്ല.'' (തിർമിദി). കപടവിശ്വാസിയുടെ അടയാളമായി പ്രവാചകൻ എണ്ണിയ നാലു കാര്യങ്ങളിൽ രണ്ടെണ്ണം വിശ്വാസവഞ്ചനയും കരാർ ലംഘനവുമാകുന്നു (ബുഖാരി, മുസ്‌ലിം). പ്രവാചകൻ വഞ്ചനയിൽനിന്നും അല്ലാഹുവിൽ അഭയം തേടിയിരുന്നു (ഇബ്നുമാജ). വ്യക്തി-കുടുംബ ബന്ധങ്ങളിലും സാമൂഹിക വ്യവഹാരത്തിലും വഞ്ചന സൃഷ്ടിക്കുന്ന പ്രത്യാഘാതം സീമാതീതമാണ്.

ഭരണാധികാരികൾ പ്രജകളെ വഞ്ചിക്കുന്നത് കൂടുതൽ പാതകമാകുന്നു. ഭരണാധികാരികൾ പൊതുജനങ്ങളെ വഞ്ചിക്കുന്നതാണ് ഏറ്റവും വലിയ വഞ്ചനയെന്ന് പ്രവാചകൻ മുന്നറിയിപ്പ് നൽകിയിട്ടുണ്ട്. ഭരണാധികാരികൾ ജനത്തെ വഞ്ചിക്കുന്നതിന്റെ പ്രത്യാഘാതം വലുതാണ്. അത് ഒരു ജനതയെ ഒന്നാകെ ബാധിക്കും. പ്രവാചകൻ പറഞ്ഞതിന്റെ വിവക്ഷ ഇതാണെന്ന് പ്രസ്തുത ഹദീസിന്റെ വ്യാഖ്യാനത്തിൽ ഇമാം നവവി(റ)യും ശൈഖ് ഉസൈമീനും രേഖപ്പെടുത്തുന്നു.

അല്ലാഹു മനുഷ്യനെ ചുമതലപ്പെടുത്തുകയും അവൻ ഏറ്റെടുക്കുകയും ചെയ്ത ഉത്തരവാദിത്തങ്ങൾ (അമാനത്ത്) നിർവഹിക്കാതെ ജീവിക്കുന്നത് വിശ്വാസ വഞ്ചനയുടെയും വാഗ്ദത്ത ലംഘനത്തിന്റെയും പരിധിയിൽ വരുന്നതാണ്.

അബൂഹുറൈറ(റ)യിൽനിന്ന് നിവേദനം ചെയ്യപ്പെടുന്ന ഖുദ്സിയായ ഒരു ഹദീസ് ഇപ്രകാരമാണ്. ''അല്ലാഹു അരുളി: മൂന്ന് വിഭാഗത്തോട് അന്ത്യദിനത്തിൽ ഞാൻ ശത്രുതയിലായിരിക്കും. അല്ലാഹുവിന്റെ പേരിൽ വാഗ്ദാനം ചെയ്യുകയും പിന്നീടത് ലംഘിക്കുകയും ചെയ്യുന്നവൻ....'' (ബുഖാരി).

ഒരാളെയും ചതിക്കാതിരിക്കുക, വാക്കുകൾ പാലിക്കുക, സഹജീവികൾക്ക് ദോഷകരമായ കാര്യങ്ങൾ ചെയ്യാതിരിക്കുക, കരാറുകൾ പൂർത്തീകരിക്കുക, ദീനിയായ ബാധ്യതകൾ യഥാവിധി നിർവഹിക്കുക, പ്രാസ്ഥാനികമായ ഉത്തരവാദിത്തങ്ങൾ ആത്മാർഥതയോടെയും ദൈവികപ്രതിഫലം കാംക്ഷിച്ചും നിർവഹിക്കുക ഇവയെല്ലാം തന്നെ ഹദീസ് നൽകുന്ന മുന്നറിയിപ്പിൽനിന്നും നാം ഉൾക്കൊള്ളേണ്ട പാഠങ്ങളാകുന്നു. വിശ്വാസത്തിന്റെ പ്രതിഫലനം നമ്മുടെ സാമൂഹിക ജീവിതത്തിന്റെ മുഴുവൻ രംഗങ്ങളിലും തെളിഞ്ഞുകാണേണ്ടതാണ്. ●